# പതിനാലാം കേരള നിയമസഭ
# ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2925** **18.08.2017-ൽ മറുപടിയ്ക്ക്**

## ഉൾനാടൻ മത്സ്യകൃഷിക്കായുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിൽ, ഉൾനാടൻ മത്സ്യകൃഷിക്കായി എന്തെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പിലാക്കിവരുന്നത്; വിശദവിവരം നൽകുമോ; | എ) പാലക്കാട് ജില്ലയിൽ കോങ്ങാട് മണ്ഡലത്തിൽ ഉൾനാടൻ മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യ കർഷക വികസന ഏജൻസി വഴി കർഷകർക്കുള്ള പരിശീലനം, മത്സ്യകുളങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമുള്ള സബ്സിഡി വിതരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ജനകീയ മത്സ്യകൃഷി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷിക്കായി കർഷകർക്ക് സൗജന്യ മത്സ്യകുഞ്ഞുവിതരണം, പരിശീലനം എന്നിവ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) ഉൾനാടൻ മത്സ്യകൃഷിക്കായി എന്തെല്ലാം നടപടികളാണ് വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നത്; | ബി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) കൂടുതൽ പ്രദേശത്ത് ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത്; ഇക്കാര്യത്തിൽ നൽകിവരുന്ന സേവനങ്ങൾ എന്തൊക്കെയാണ്; വിശദവിവരം നൽകുമോ? | സി) കൂടുതൽ പ്രദേശത്ത് ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ ജനകീയ മത്സ്യകൃഷി രണ്ടാംഘട്ട പദ്ധതി വഴി ജലകൃഷി വ്യാപന പ്രവർത്തനങ്ങൾക്കായി 2338 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഘടക പദ്ധതികളിൽ നൽകി വരുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>മാതൃകാ ശുദ്ധജല മത്സ്യകൃഷി ഫാമുകൾ 650 ഹെക്ടർ സ്ഥലത്ത് സ്ഥാപിക്കുന്നതിന് 975 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിന്റെ 50 ശതമാനം (ഒന്നര ലക്ഷം രൂപ ഒരു ഹെക്ടറിന്) ധനസഹായമായി കർഷകന് നൽകുന്നതാണ്. |

6000 ഹെക്ടർ സ്ഥലത്ത് ശാസ്ത്രീയ മത്സ്യകൃഷി നടത്തുന്നതിന് ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ കർഷകർക്ക് സൗജന്യമായി നൽകുന്നതിനായി 315 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു ഹെക്ടറിന് 7500 എണ്ണം മത്സ്യക്കുഞ്ഞുങ്ങളെ സബ്സിഡിയായി കർഷകന് നൽകുന്നു.

3000 ഹെക്ടർ വിസ്തീർണ്ണമുള്ള **പാടശേഖരങ്ങളിൽ** ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി കർഷകർക്ക് നൽകുന്നതിന് 54 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു ഹെക്ടറിന് 3000 എണ്ണം മത്സ്യവിത്ത് സബ്സിഡിയായി കർഷകന് നൽകുന്നു.

2000 ഹെക്ടർ ഏരിയയിൽ ചെമ്മീൻകൃഷി ചെയ്യുന്നതിനാവശ്യമായ ചെമ്മീൻ വിത്തുകൾ സൗജന്യമായി കർഷകർക്ക് നൽകുന്നതിനായി 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു ഹെക്ടറിന് 40000 എണ്ണം ചെമ്മീൻ വിത്ത് കർഷകന് സബ്സിഡിയായി നൽകുന്നു.

മത്സ്യകൃഷി ഫാമുകൾ ഇൻഷ്വർ ചെയ്യുന്നതിന് 82 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കൂടാതെ കൂടുതൽ പ്രദേശത്ത് ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ ബ്ലൂ റെവല്യൂഷൻ, പദ്ധതിയിൽ ഉൾപ്പെടുത്തി 2240.9 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഓരു ജലാശയങ്ങളിലെ കൂടുകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം

(ആർ.എ.എസ്), ചെമ്മീൻ കൃഷിയ്ക്കുള്ള കുളങ്ങളുടെ നവീകരണം, നവീകരിച്ച കുളങ്ങളിലെ ചെമ്മീൻ കൃഷിയ്ക്കുള്ള Input cost , മസ്സൽ ഫാമിംഗ്, വെള്ളകെട്ട് പ്രദേശങ്ങളിലെ മത്സ്യകൃഷി വികസനം, വെള്ളകെട്ട് പ്രദേശങ്ങളിലെ മത്സ്യകൃഷിക്കുള്ള Input സബ്സിഡി എന്നീ ഘടകങ്ങൾ, അടങ്ങിയ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അതിനു പുറമെ 2017-2020 വർഷങ്ങളിൽ സംസ്ഥാനത്ത് കൈപ്പാട്-പൊക്കാളി നിലങ്ങളിൽ സംയോജിത ചെമ്മീൻ/മത്സ്യ/നെൽകൃഷി നടപ്പിലാക്കുന്നതിനായി 305.70 കോടി അടങ്കൽ തുക വരുന്ന പ്രൊപ്പോസലും കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ

1. <u>ബ്ലൂ റെവല്യൂഷൻ പദ്ധതി 2016-17</u> - 2016-17 സാമ്പത്തിക വർഷം കേന്ദ്രസഹായ പദ്ധതിയായ ബ്ലൂറെവല്യൂഷൻ പദ്ധതിപ്രകാരം മത്സ്യ കൃഷിക്കായി പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനും, നിലവിലുളള കുളങ്ങൾ പുനരുദ്ധാരണം ചെയ്യുന്നതിനും ഓരുജലാശയങ്ങളിലെ കൂടുകൃഷി, മത്സ്യകർഷകർക്കുളള പരിശീലനം, എന്നീ പദ്ധതികൾക്കായി 1002.6 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിച്ചിരുന്നു, ഇതിൽ 510.1 ലക്ഷം രൂപ കേന്ദ്ര വിഹിതവുമാണ്. ടി പദ്ധതി പ്രകാരം കർഷകർക്ക് യൂണിറ്റ് കോസ്റ്റിന്റെ 50% തുക സബ്സിഡിയായി നൽകുന്നു.

2. <u>നൂതന മത്സ്യകൃഷി 2016-17</u> - ഉൾനാടൻ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യകൃഷി രീതി വ്യാപിപ്പിക്കുന്നതിനുമായി 2016-17 സാമ്പത്തിക വർഷം 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഓരുജലമത്സ്യങ്ങളുടെ സമ്മിശ്രമത്സ്യകൃഷി, ഓരുജലമത്സ്യങ്ങളുടെ കൂടുകൃഷി, റിസർവോയറുകളിലെ കൂടുകൃഷി, രോഗാണുവിമുക്ത കാരചെമ്മീൻ കൃഷി, ആറ്റുകൊഞ്ചുകൃഷി, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ചിപ്പി, കല്ലുമ്മേക്കായ് കൃഷി, ഗിഫ്റ്റ് കൃഷി, നാരൻ ചെമ്മീൻ കൃഷി, അന്തരീക്ഷവായു ശ്വസിക്കുന്ന മത്സ്യങ്ങളുടെ കൃഷി എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളളത്.

3. <u>കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മൽസ്യ-നെൽകൃഷി പദ്ധതി</u> - കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ളൈമറ്റ് ചെയ്ഞ്ചിൽ ഉൾപ്പെടുത്തി "കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മൽസ്യ-നെൽകൃഷി പദ്ധതിക്ക്" 25 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയുണ്ടായി ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസി നബാർഡും എക്സിക്യൂട്ടീവ് ഏജൻസി അഡാക്കുമാണ്. കേരളത്തിൽ പല കാരണങ്ങളാൽ നാശോൻമുഖമായി കൊണ്ടിരിക്കുന്ന പൊക്കാളി/ കൈപ്പാട് നീർതട പ്രദേശങ്ങളെ കാലാവസ്ഥ വ്യതിയാനത്തിന്റെ വിപത്തുകളിൽ നിന്നും സംരക്ഷിച്ച് ഇവിടങ്ങളിൽ പരമ്പരാഗതമായി നിലനിന്നിരുന്ന നെൽകൃഷിയും മൽസ്യ/ചെമ്മീൻ കൃഷിയും പുനഃസ്ഥാപിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ 600 ഹെക്ടർ പൊക്കാളി-കൈപ്പാട് നീർതട പ്രദേശങ്ങളിൽ നെൽകൃഷിയും മത്സ്യകൃഷിയും നടത്താനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി 2015 മുതൽ 2019 വരെ 4 വർഷത്തേക്കുള്ളതാണ്. കേരളത്തിൽ കൈപ്പാട് (കണ്ണൂർ-300 ഹെക്ടർ), പൊക്കാളി നിലങ്ങൾ

(എറണാകുളം - 100 ഹെക്ടർ, തൃശൂർ -100 ഹെക്ടർ, ആലപ്പുഴ -100 ഹെക്ടർ) ൽ കൃഷി ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

4. <u>ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം</u> - 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഘടക പദ്ധതികൾ ചുവടെ ചേർക്കുന്നു.

- 650 ഹെക്ടർ പ്രദേശത്ത് മാതൃകാ മത്സ്യകൃഷി ഫാമുകൾ
- 3000 ഹെക്ടർ പ്രദേശത്ത് ചെറിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി
- 3000 ഹെക്ടർ പ്രദേശത്ത് വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി
- 2000 ഹെക്ടർ പ്രദേശത്ത് ചെമ്മീൻ കൃഷി
- 3000 ഹെക്ടർ പ്രദേശത്ത് പാടശേഖര മത്സ്യകൃഷി

5. <u>മത്സ്യസമൃദ്ധി II</u> - 14 ജില്ലകളിലായി അനുയോജ്യമായ ശുദ്ധജല/ ഓരുജല പ്രദേശങ്ങൾ ഉപയുക്തമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 2016-17 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് മത്സ്യസമൃദ്ധി II. പ്രസ്തുത പദ്ധതി മുഖേന 951 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 92,396 കർഷകർ വിവിധ ജലകൃഷി രീതികളിൽ പങ്കാളികളായി 14,230 ഹെക്ടർ പ്രദേശത്ത് വിവിധ കൃഷി രീതികൾ നടപ്പിലാക്കുവാൻ സാധിച്ചതിലൂടെ 28,048 ടൺ മത്സ്യം ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**